LIBRARY ARCHIVES Kerala Legislative Assembly

നഗരാസൂത്രണ വകുപ്പിന്റെ നവീകരണം

81 (5429) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരാസൂത്രണ വകുപ്പിൽ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിപ്പാർട്ട്മെന്റ് പുതുതായി തയ്യാറാക്കുന്ന എല്ലാ മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും കമ്പ്യൂട്ടർ സഹായത്തോടെ "Geographical Information System" GIS അധിഷ്ഠിതമായാണ് തയ്യാറാക്കി വരുന്നത്. ആയത് മുഖാന്തരം പ്ലാനുകളുടെ തയ്യാറാക്കലിൽ കൂടുതൽ കാര്യക്ഷമതയും വേഗവും കൃത്യതയും കൈവരിക്കുന്നതിനായി ഉദ്ദേശിക്കുന്നു.

(സി) മേൽ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി "Geographical Information System & Aerial Mapping ("2217-05-800-91") എന്നൊരു പ്ലാൻ സ്കീം ഈ വകുപ്പിൽ നടപ്പാക്കി വരുന്നു. ടി സ്കീം മുഖേന വിവിധ കാര്യാലയങ്ങളിലേക്ക് plan preparation-ന് ആവശ്യമായ GIS Software ലഭ്യമാക്കുകയും ആയതിനായുള്ള പരിശീലന പരിപാടികൾ നൽകിവരികയും ചെയ്യുന്നു.

ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾ

82 (5430) ശ്രീ. ഇ. ചന്ദ്രശേഖരൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലുമായി ചട്ടങ്ങൾ പാലിക്കാതെ എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ ചട്ടങ്ങൾ പാലിക്കാതെ എത്ര കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇത്തരം കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലുമായി ചട്ടലംഘനങ്ങളോട് കൂടിയ 10077 നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ചട്ടലംഘനങ്ങളോട് കൂടിയ 3004 നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയവയ്ക്കെതിരെ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

സ്മാർട്ട് സിറ്റികളും അമൃത് പദ്ധതികളും

83 (5431) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ സ്മാർട്ട് സിറ്റികളും അമൃത് പദ്ധതികളും നടപ്പാക്കാൻ നടപടികൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) സ്മാർട്ട് സിറ്റികളും അമൃത് പദ്ധതിയും നടപ്പാക്കാനുള്ള നടപടികൾക്ക് 2015 ജൂൺ 25-ാം തീയതി ബഹു. പ്രധാനമന്ത്രി ഔദ്യോഗികമായി തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഭാത്തത്തിലെ 500 സിറ്റികളിലെ വാട്ടർ സപ്ലൈ, സ്വീവറേജ്, സെപ്റ്റേജ്, സ്റ്റോം വാട്ടർ സംവിധാനങ്ങൾ, പെഡസ്ട്രിയൻ, പാർക്കിംഗ് സംവിധാനങ്ങൾ, ശിശു കേന്ദ്രീകൃത സുഖ സൗകര്യങ്ങൾ ഒരുക്കൽ എന്നീ മേഖലകളുമായി ബന്ധപ്പെട്ട സമഗ്ര വികസനമാണ് അമൃത് മിഷനിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. 100 നഗരങ്ങളെ തെരഞ്ഞെടുത്ത് അവയെ ലോക നിലവാരമുള്ള സ്മാർട്ട് സിറ്റികളായി ഉയർത്തുക എന്നതാണ് സ്മാർട്ട് സിറ്റി മിഷന്റെ ഉദ്ദേശലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly